(എ) ജലവിഭവ വകുപ്പിന് കീഴിൽ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ നബാർഡ് ആർ.ഐ.ഡി.എഫ്. XVII സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച നാല് പ്രോജക്ടുകളിൽ ഇപ്പോൾ ഏതൊക്കെ പ്രവൃത്തികൾക്കാണ് പുതുക്കിയ ഭരണാനുമതി ലഭിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ ;

(ബി) നബാർഡിന്റെ ആർ. ഐ. ഡി. എഫ്. 21 സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ പ്രോജക്ടുകളുടെ എസ്റ്റിമേറ്റുകളാണ് ജലവിഭവവകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആർ.ഐ.ഡി.എഫ്. XVII സ്കീമിൽ ഉൾപ്പെടുത്തിയ നാല് പ്രോജക്ടുകളിൽ ഒരു പ്രവൃത്തിക്ക് ആർ.ഐ.ഡി.എഫ് XX-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. കണ്ണപുരം പഞ്ചായത്തിൽ അയ്യോത്ത് ആയിരം തെങ്ങിൽ പുത്തരിത്തോൽ തോടിന് കുറുകെ ഒരു SWECB-യുടെ നിർമ്മാണ പ്രവൃത്തിയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. അടങ്കൽ തുക - 40.00 ലക്ഷം രൂപ

(ബി) നബാർഡ് ആർ.ഐ.ഡി.എഫ്. XXI-ൽ ഉൾപ്പെടുത്തുന്നതിനായി മൂന്ന് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. അവ താഴെപ്പറയുന്നു :

1. കണ്ണപുരം പഞ്ചായത്തിൽ കയറ്റയിൽ മുക്കോല ബണ്ടിൽ ഒരു SWECB-യുടെ നിർമ്മാണവും ഒരു എർത്തൻ ബണ്ട് നിർമ്മാണവും. അടങ്കൽ തുക 42.00 ലക്ഷം രൂപ.

2. ചെറുകുന്ന് പഞ്ചായത്തിൽ മുട്ടിൽകാപ്പ് റെഗുലേറ്ററിന്റെ അഭിവൃദ്ധിപ്പെടുത്തൽ അടങ്കൽ തുക - 104.65 ലക്ഷം രൂപ.

3. ചെറുകുന്ന് പഞ്ചായത്തിൽ ഗവൺമെന്റ് ആയുർവേദ ഹോസ്പിറ്റലിന് സമീപം റി. സർവ്വേ നമ്പർ 122 ൽ ഒരു SWECB-യുടെ നിർമ്മാണ പ്രവൃത്തി. അടങ്കൽ തുക -53 ലക്ഷം രൂപ.

മുല്ലപ്പെരിയാർ അണക്കെട്ടിന് തീവ്രവാദി ഭീഷണി

143 (4946) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. അജിത് :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന് പാക് ഭീകര സംഘടനകളുടെ ഭീഷണിയുള്ളതായി റിപ്പോർട്ടുകളുണ്ടോ ;

(ബി) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ കേന്ദ്ര സേനയെ ഏല്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുസംബന്ധിച്ച അഭിപ്രായം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ 2014 സെപ്റ്റംബർ 16 മുതൽ 18 വരെയുള്ള തീയതികളിൽ മുല്ലപ്പെരിയാർ അണക്കെട്ടിലും പെരിയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിലും നടത്തിയ സുരക്ഷാ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് റിപ്പോർട്ടിലെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കണമെന്ന നിർദ്ദേശത്തോടെ സംസ്ഥാന സർക്കാരിന് ലഭ്യമായിട്ടുണ്ട്. അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ചകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയും ജാഗ്രതയും വേണമെന്ന കാര്യം പ്രസ്തുത റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയ്ക്കായി CISF-നെ നിയോഗിക്കുന്നതിനു കേന്ദ്ര സർക്കാരിന് നിർദ്ദേശം നൽകണമെന്ന് അപേക്ഷിച്ചു കൊണ്ട് 19-11-2014-ൽ തമിഴ്നാട് സുപ്രീം കോടതിയിൽ ഒരു I.A (No.25/2014) ഫയൽ ചെയ്തിട്ടുണ്ട്. എന്നാൽ ഡാമിന്റെ സുരക്ഷ സംബന്ധിച്ച വിഷയം കേരള സംസ്ഥാനത്തിൽ നിക്ഷിപ്തമാണെന്നും അത് യാതൊരു വിട്ടുവീഴ്ചയുമില്ലാതെ നിർവഹിക്കുമെന്നുമുള്ള നിലപാട് കേരളം സുപ്രീം കോടതിയെ അറിയിച്ചിട്ടുമുണ്ട്. ഈ വിഷയം ഇപ്പോൾ ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലുമാണ്. മുല്ലപ്പെരിയാറിലെ സുരക്ഷാ ജോലികൾക്കായി കേന്ദ്ര സേനയെ (CISF-നെ) നിയോഗിക്കേണ്ട ആവശ്യമില്ലെന്നും പ്രസ്തുത ജോലികൾ കേരളാ പോലീസ് തന്നെ ചെയ്യുന്നതാണ് ഉത്തമമെന്നും ഉള്ള വിവരങ്ങൾ ബഹു. കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയേയും കേന്ദ്ര സർക്കാരിനെയും അറിയിക്കാനുള്ള നടപടിയും ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ ഉറപ്പാക്കുന്നതിനായി പ്രത്യേക പോലീസ് സ്റ്റേഷൻ സ്ഥാപിക്കും. ഇതിനായി ഒരു അസിസ്റ്റന്റ് കമാൻഡന്റിന്റേ ഉൾപ്പെടെ 124 തസ്തികകളും ഇവിടേയ്ക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിന് 85 ലക്ഷം രൂപ അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly